**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2141 11.03.2020-ലെ മറുപടിയ്ക്ക്

## സ്പോർട്സ് അക്കാദമികൾക്ക് ഗ്രാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.തോമസ്**<br>**,, വി.ടി.ബൽറാം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയില്ലുള്ള സ്പോർട്സ് അക്കാദമികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സ്വകാര്യ വ്യക്തികൾ, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയില്ലുള്ള സ്പോർട്സ് അക്കാഡമികൾ, സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹത വിലയിരുത്തി ബഡ്ജറ്റ് തുകയുടെ ലഭ്യതയ്ക്ക് അനുസരിച്ചാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. |
| (ബി) | ഇങ്ങനെ നൽകുന്ന ഗ്രാന്റ് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവില്ലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇത്തരം പരിശോധനകൾ കാര്യക്ഷമമായ രീതിയിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുകയും, തുക അനുവദിച്ച് നൽകുന്ന അക്കാഡമികളിൽ നിന്നും തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയില്ലുള്ള ഏതെല്ലാം സ്പോർട്സ് അക്കാദമികൾക്കാണ് | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയില്ലുള്ള സ്പോർട്സ് അക്കാഡമികൾക്ക് അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് അനുവദിച്ച വർഷം,തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ? | | സ്പോർട്സ് ട്രെയനിനിംഗ് സെന്ററിന്റെ പേര് | അനുവദിച്ച വർഷം | അനുവദിച്ച തുക |
| | | | മേഴ്സിക്കുട്ടൻ അത്ലറ്റിക് അക്കാദമി | 2017 | 50,00,000/- |
| | | | | 2019 | 4,80,000/- |
| | | | ഉഷ സ്കൂൾ ഓഫ് അത്ലറ്റിക് | 2018 | 1,00,00,000/- |
| | | | എസ്.ടി.വി. ടേബിൾ ടെന്നീസ് അക്കാഡമി | 2018 | 25,00,000/- |
| | | | | 2019 | 10,00,000/- |
| | | | ജംപ്സ് അക്കാഡമി, പാല കോട്ടയം - അത്ലറ്റിക്സ് | 2016, 2017, 2018 | 3,00,000/- |
| | | | സെന്റ് ജോർജ് എച്ച്.എസ്.എസ് കോതമംഗലം - അത്ല്റ്റിക്സ് | 2016, 2017, 2018, 2019 | 4,00,000/- |
| | | | യംഗ് സോൾജിയേഴ്സ് ടേബിൾ ടെന്നീസ് ട്രെയിനിംഗ് സെന്റർ, ചെന്നലോട്, വയനാട് - ടേബിൾ ടെന്നീസ് | 2016 | 1,00,000/- |
| | | | മാർബേസിൽ എച്ച്.എസ്.എസ് കോതമംഗലം - അത്ല്റ്റിക്സ് | 2016, 2017, 2018, 2019 | 4,00,000/- |
| | | | മലബാർ സ്പോർട്സ് അക്കാഡമി, കോഴിക്കോട് - അത്ല്റ്റിക്സ് | 2016, 2017 | 2,00,000/- |
| | | | മലബാർ സ്പോർട്സ് അക്കാഡമി -വോളീബോൾ | 2016, 2017, 2018 | 3,00,000/- |

**സെക്ഷൻ ഓഫീസർ**